DEPARTMENT OF HEALTH SERVICES KERALA

# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035

ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080

ഇ-മെയിൽ: dhskerala@gmail.com

വെബ്സൈറ്റ്: www.dhs.kerala.gov.in

ഇ എസ് 2/60301/2015/ആവഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി.14/06/2016

## നോട്ടീസ്

വിഷയം: ആവഡ- ടൈപ്പിസ്റ്റ്മാരുടെ 01/01/2011 മുതൽ 31/07/2015 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ റാങ്ക് നമ്പർ പുനർനിർണ്ണയിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി.കൃഷ്ണ.കെ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.

സൂചന:

1. തൃശ്ശൂർ ഡി.എം.ഒ യുടെ 25/05/16 ലെ എ4/3175/16 എന്ന നമ്പർ കത്ത്.
2. തൃശ്ശൂർ പി.എസ്.സി യുടെ 19/12/12 ലെ ആർ.ഐ (4) 1125/09 (8) എന്ന നമ്പർ ശുപാർശ.
3. തിരുവനന്തപുരം ഇൻഷുറൻസ് ഡയറക്ടറുടെ 02/01/2013 ലെ ഇ1/13238/2008 ലെ നിയമന ഉത്തരവ്.
4. തൃശ്ശൂർ ഡി.എം.ഒ യുടെ 04/06/13 ലെ എ2/4892/13 എന്ന നമ്പർ ഉത്തരവ്.
5. സർക്കാരിന്റെ 06/02/2013 ലെ ജി.ഒ (പി) 05/2013 പി&എ.ആർ.ഡി എന്ന നമ്പർ ഉത്തരവ്.
6. തിരുവനന്തപുരം ഇൻഷുറൻസ് ഡയറക്ടറുടെ 17/05/2013 ലെ ഇ6/5282/2013 ലെ എന്ന നമ്പർ കത്ത്.
7. ഈ ആഫീസിലെ 19/12/2015 ലെ ഇതേ നമ്പർ ഉത്തരവ്

ടൈപ്പിസ്റ്റ്മാരുടെ 01/01/2011 മുതൽ 31/07/2015 വരെയുള്ള കാലയളവിലെ സീനിയോരിറ്റിപട്ടികയിൽ റാങ്ക് നമ്പർ പുനർനിർണ്ണയിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ട് തൃശ്ശൂർ ഡി.എം.ഒ യിലെ ടൈപ്പിസ്റ്റ് ശ്രീമതി.കൃഷ്ണ.കെ സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചുതന്നിരിക്കുന്നു.

ശ്രീമതി.കൃഷ്ണ.കെ സൂചന 2 പ്രകാരമുള്ള തൃശ്ശൂർ ജില്ലാ പി.എസ്.സി യുടെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവിയുടെ കാര്യാലയത്തിലേയ്ക്കുള്ള ഒഴിവിൽ സൂചന 3 പ്രകാരം തിരുവനന്തപുരത്തുള്ള സംസ്ഥാന ഇൻഷുറൻസ് ഡയറക്ടറേറ്റിൽ 18/01/2013 ന് ജോലിയിൽ പ്രവേശിച്ചു. അതിന് ശേഷം ടിയാൾ ആരോഗ്യ വകുപ്പിലേയ്ക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം നേടുകയും സൂചന 4 പ്രകാരം 06/06/2013 ൽ തൃശ്ശൂർ ഡി.എം.ഒ യിൽ ജോലിയിൽ പ്രവേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ്മാരുടെ 01/01/2011 മുതൽ 31/07/2015 വരെയുള്ള കാലയളവിലെ സീനിയോരിറ്റിപട്ടികയിൽ 41 (എ) ആയി ഉൾപ്പെടുത്തുകയും ചെയ്തു.

എന്നാൽ ഇൻഷുറൻസ് വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ അടുത്ത 5 വർഷത്തേയ്ക്ക് ഒഴിവുകൾ ഉണ്ടാകില്ല എന്ന് ഇൻഷുറൻസ് ഡയറക്ടർ അറിയിച്ചതിന്റെ

അടിസ്ഥാനത്തിലാണ് അന്തർവകുപ്പ് സ്ഥലംമാറ്റം ആവശ്യപ്പെട്ടതെന്നും അതിനാൽ പി.എസ്.സി യുടെ നിയമന ശുപാർശ തീയതിമുതൽ സീനിയോരിറ്റിയ്ക്ക് അർഹതയുണ്ടെന്നും അതിനാൽ അവ അനുവദിച്ചുകൊടുക്കണമെന്നും അപേക്ഷക ആവശ്യപ്പെട്ടിരിക്കുന്നു. സൂചന 5 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ "വകുപ്പ് മേധാവിയുടെ കാര്യാലയത്തിലെ ഒഴിവിലേയ്ക്ക് നിയമനം ലഭിച്ച ഉദ്യോഗസ്ഥന് ടിയാളുടെ സ്വന്തം ജില്ലയിൽ അടുത്ത 5 വർഷത്തിനുള്ളിൽ ഒഴിവുകൾ ഉണ്ടാകില്ല എന്ന് വകുപ്പ് മേധാവി അറിയിച്ചാൽ അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്ന വകുപ്പിൽ സീനിയോരിറ്റി സംരക്ഷിച്ചുകിട്ടും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്." തൃശ്ശൂർ ജില്ലയിൽ അടുത്ത 5 വർഷത്തേയ്ക്ക് ഒഴിവുകൾ ഉണ്ടാകില്ല എന്ന് ഇൻഷുറൻസ് ഡയറക്ടർ സൂചന 6 പ്രകാരം അറിയിച്ചിട്ടുണ്ട്.

ഈ സാഹിചര്യത്തിൽ ശ്രീമതി.കൃഷ്ണ.കെ യെ ടൈപ്പിസ്റ്റ്മാരുടെ 01/01/2011 മുതൽ 31/07/2015 വരെയുള്ള കാലയളവിലെ സീനിയോരിറ്റിപട്ടികയിൽ 41 (എ) എന്നതിനുപകരം പി.എസ്.സി യുടെ നിയമന ശുപാർശ തീയതിയുടെ അടിസ്ഥാനത്തിൽ റാങ്ക് നമ്പർ 20 സൗമ്യ.പി.പി യ്ക്കും 21 പ്രിയ.കെ യ്ക്കും ഇടയ്ക്ക് 20 (എ) ആയി ഉൾപ്പെടുത്തി പുതുക്കിനിശ്ചയിക്കാൻ താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോരിറ്റിക്ക് കണക്കാക്കിയ തീയതി | നിലവിലെ റാങ്ക് നമ്പർ | പുതുക്കിയ റാങ്ക് നമ്പർ | പി.എസ്.സി യുടെ ശുപാർശ. നമ്പരും തീയതി |
|---|---|---|---|---|---|---|---|
| 1 | Soumya.P.P | 05/03/1985 | 17/01/2013 | 15/12/2012 | 20 | 20 | Adv.No.KGDI(3)1705/09(2) KPSC.KGD Dt.15/12/2012 |
| 2 | Krishna.K | 09/02/1986 | 18/01/2013 | 19/12/2012 | 41A | 20(A) | Adv.No.RI(4)1125/09(8) KPSC TSR Dt.19/12/2012 |
| 3 | Priya.K | 01/06/1974 | 10/01/2013 | 22/12/2012 | 21 | 21 | Adv.No.MR(1)II 1731/09(4) KPSC.MLPM Dt.22/12/2012 |

മേൽ നിശ്ചയിച്ച തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനകം നേരിട്ടോ തപാൽമാർഗ്ഗമോ ഈ സെക്ഷനിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്

സാംബശിവൻ.എസ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ്
ആഫീസറുടെ അധിക ചുമതല

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.ഡി.4 സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ